# KERALA PRIVATE COLLEGE MANAGEMENTS' ASSOCIATION

*(Registered under Travancore-Cochin Literary Scientific & Charitable Societies' Registration Act XII of 1955 Reg.S.No.Tr.12 of 1960, 03-05-1960)*

E mail : kpcma1960@gmail.com

PRESIDENT
**Dr.M.E.Kuriakose**
Secretary,
M.O.C Colleges,
Catholicate Aramana,
Devalokam (Po),
Kottayam-686 004
Mob.9447101513

GENERAL SECRETARY
**Dr.M.Usman**
V/427 Camp Office,
Schoolparamba,
Pazhamallure (Po)
Malappuram Dt.676 506
Mob.9447255581

TREASURER
**Rev. Sr.Dr.Vinitha CSST**
Director,
St.Teresas' College,
Park Avenue, Marine Drive ,
Ernakulam- 682 011
Mob.9961441698


## എയിഡഡ് കോളേജ് ആശ്രിത നിയമനം –ഏക പക്ഷീയമായ സർക്കാർ തീരുമാനം അംഗീകരിക്കില്ല : മാനേജ്മെന്റ് അസോസിയേഷൻ .

കോട്ടയം : സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമനം നടപ്പിലാക്കാനുള്ള സർക്കാരിന്റെ ഏകപക്ഷീയ തീരുമാനം അംഗീകരിക്കില്ലെന്ന് കേരളാ പ്രൈവറ്റ് കോളേജ് മാനേജ്മെന്റ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ഡോ. എം.ഇ.കൂര്യാക്കോസ്, ജനറൽ സെക്രട്ടറി ഡോ . എം ഉസ്മാൻ എന്നിവർ വാർത്താകുറിപ്പിൽ അറിയിച്ചു. എയ്ഡഡ് സ്കൂളുകളിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തെ എയ്ഡഡ് കോളെജുകൾ പ്രവർത്തിച്ചുവരുന്നത് മാനേജ്മെന്റുകളും സർക്കാരും തമ്മിൽ നിലവിലുള്ള ഡയറക്റ്റ് പേയ്മെന്റ് എഗ്രിമെന്റിന്റെയടിസ്ഥാനത്തിലാണ്.വിദ്യാർഥിപ്രവേശനം, ഫീസ്, നിയമനം, സംവരണം സർക്കാർ ഗ്രാന്റ് തുടങ്ങിയവ ഈ ഉഭയകക്ഷി കരാർ പ്രകാരമാണ് നടന്നുവരുന്നത്. ഇതനുസരിച്ചാണ് കേരളത്തിലെ അഫിലിയേറ്റിങ്ങ് സർവകലാശാലാ നിയമങ്ങളിൽ എയ്ഡഡ് കോളേജുകളെ സംബന്ധിക്കുന്ന ഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്. ആശ്രിതനിയമനവുമായി ബന്ധപ്പെട്ട വിഷയത്തിൽ മുൻ എൽ.ഡി.എഫ് , യൂ.ഡി.എഫ് സർക്കാരുകളുടെ കാലത്ത് തന്നെ മാനേജ്മെന്റുകൾ നിലപാട് വ്യക്തമാക്കിയതാണ്.എന്നാൽ ഇപ്പോൾ സർക്കാർ ഏകപക്ഷീയമായി മാർഗരേഖ തയാറാക്കിയത് പ്രതിഷേധാർഹമാണ് .പുതുക്കിയ അനദ്ധ്യാപക പാറ്റേണിന്റെ പേരിൽ പഴയ 'ഇ'ഗ്രേഡ് പുനഃസ്ഥാപിക്കുകവഴി വൻ തോതിലുള്ള തസ്തിക നഷ്ടം ഇതിനകം സംഭവിച്ചിട്ടുള്ള കോളേജുകളിൽ ആശ്രിത നിയമനം പുതിയ പ്രശ്നങ്ങൾക്ക് വഴിവെക്കും. ഇക്കാര്യത്തിൽ മാനേജ്മെന്റുകളെ വിശ്വാസത്തിലെടുത്ത് കൊ ് മാത്രമെ സർക്കാർ തീരുമാനങ്ങളെടുക്കാവൂ. മറിച്ചുള്ള സർക്കാർ നീക്കത്തിനെതിരെ നിയമ നടപടികളുമായി മുന്നോട്ട് പോകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഡോ. എം .ഇ. കൂര്യാക്കോസ് ,പ്രസിഡൻറ്
ഡോ . എം ഉസ്മാൻ , ജനറൽ സെക്രട്ടറി

Dr. M. Usman,

കോട്ടയം
14/02/2020